പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.391 | 23.03.2007-ൽ മറുപടി നൽകേണ്ടത്.

# സമഗ്ര ഭൂനയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ. എസ്. ബിജി മോൾ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. എ. കെ. ചന്ദ്രൻ | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സമഗ്രമായ ഒരു ഭൂനയം രൂപീകരിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ നയം എപ്പോൾ പ്രഖ്യാപിക്കും; | (എ) ഉദ്ദേശിക്കുന്നുണ്ട്. ദേശീയ പരിസ്ഥിതി നയത്തിനനുസരിച്ച് ഓരോ സംസ്ഥാനവും ഭൂവിനിയോഗ നയവും നിയമവും ആവിഷ്കരിക്കേണ്ടതുണ്ട്. എന്നാൽ കേരളത്തിൽ നാളിത് വരെ ഭൂവിനിയോഗത്തെപ്പറ്റി നയമോ നിയമമോ രൂപീകരിക്കപ്പെട്ടിട്ടില്ല. വിലപിടിച്ച നമ്മുടെ ഭൂപ്രകൃതി സമ്പത്ത് പരിപാലിക്കുന്നതോടൊപ്പം വരും തലമുറയ്ക്കു കൂടി പ്രയോജനപ്പെടത്തക്കവിധം അമിത ചൂഷണത്തിൽ നിന്നും, നശീകരണ പ്രവർത്തനങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുന്നതിലേക്കായി വനപ്രദേശങ്ങൾ മുതൽ കടൽത്തീരം വരെയുള്ള ഭൂമിയുടെ വിനിയോഗത്തെ സംബന്ധിച്ച് വികസനത്തിലധിഷ്ഠിതമായ നയവും നിയമവും രൂപീകരിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ ഭൂസംരക്ഷണം, ഭൂവിനിയോഗം, ഭൂമി ഒഴിപ്പിക്കൽ, മിച്ചഭൂമിയായി ഏറ്റെടുക്കുന്നത്, ഭൂരഹിതർക്ക് ഭൂമി പതിച്ചുകൊടുക്കുന്നത് , റവന്യൂ വർദ്ധിപ്പിക്കുന്നതിന് ഭൂമി ഫലപ്രദമായി ഉപയോഗിക്കാനും ഇവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ ഒരു ഭൂ നയം ആവിഷ്കരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദ്ധരെയും , ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് കൊണ്ട് പല തലങ്ങ |

| | | | |
|---|---|---|---|
| | | | ളിലും ചർച്ചകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഭൂമിയുടെ അതിർത്തിയും അളവും നിർണ്ണയിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ എടുക്കുവാനുദ്ദേശിക്കുന്നു.<br><br>സംസ്ഥാനത്തെ റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സർവ്വേ ആന്റ് ലാന്റ് റിക്കോഡ് വകുപ്പിനെ സഹായിക്കുന്നതിനായി " കേരള ലാന്റ് ഇൻഫർമേഷൻ പ്രോജക്ട് (KLIP) എന്ന പേരിൽ ഒരു മിഷൻ മോഡ് പദ്ധതി " തുടങ്ങാനുദ്ദേശിക്കുന്നു.<br><br>റീസർവ്വേ റിക്കോർഡുകൾ കമ്പ്യൂട്ടർ വൽക്കരിക്കുവാനും അവയെ ഇന്റർനെറ്റിലൂടെയും മറ്റു മാർഗ്ഗങ്ങൾ വഴിയും പൊതുജനങ്ങൾക്കായി പരസ്യപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു. കൈവശരേഖ (ROR) ഭൂമിയുടെ പ്രമാണം രജിസ്റ്റർ ചെയ്യാനുള്ള mandatory prerequisite ആക്കാൻ ഉദ്ദേശിക്കുന്നു. ചർച്ചകളിൽ ഉയർന്നുവന്ന ശുപാർശകൾ പരിശോധിച്ച് ശാസ്ത്രീയമായ ഭൂനയത്തിനും, നിയമത്തിനും രൂപം നൽകുന്നതുമാണ്. |
| (ബി) | ഭൂമി സംബന്ധമായ അളവുകളും അതിർത്തി തർക്കങ്ങളും ഉണ്ടാകുമ്പോൾ അതു പരിഹരിച്ചു നല്കുന്നതിന് റവന്യൂ വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. | (ബി) | അളവിലും അതിർത്തിയിലുമുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് 1961 ലെ കേരള സർവെ ആന്റ് ബൗണ്ടറീസ് ആക്ടിലെയും 1964 ലെ കേരള സർവ്വേ ആന്റ് ബൗണ്ടറീസ് ചട്ടങ്ങളിലെയും ഫോറം നമ്പർ 10 ൽ രേഖകൾ സഹിതം താലൂക്ക് തഹസിൽദാർക്കാണ് അപേക്ഷ നൽകേണ്ടത്. ആയത് താലൂക്ക് സർവ്വേയറുടെ സേവനം ഉപയോഗപ്പെടുത്തി പരിഹരിക്കുന്നു. തഹസിൽദാരുടെ തീരുമാനത്തിൽ ആക്ഷേപമുള്ള പക്ഷം ജില്ലാ സർവ്വേ സൂപ്രണ്ടിന് അപ്പീൽ പരാതി നൽകാനും സംവിധാനമുണ്ട്. കൂടാതെ റീ സർവ്വേയിൽ വന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് നിലവിൽ സർവ്വേ അദാലത്ത് |

പ്രകാരം ജില്ലാ സർവ്വേ സൂപ്രണ്ടിന് പരാതി നൽകുകയും ചെയ്യാവുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഇതിനായി വസ്തു ഉടമകൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാം; | (സി) | വസ്തു ഉടമകൾ വെള്ള പേപ്പറിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച് ബന്ധപ്പെട്ട തഹസിൽദാർക്കോ ജില്ലാ സർവ്വേ സൂപ്രണ്ടിനോ അപേക്ഷ നൽകിയാൽ മതി. അതിർത്തി തർക്കമാണെങ്കിൽ ഫോറം നമ്പർ 10 -ൽ ബന്ധപ്പെട്ട തഹസിൽദാർക്ക് പരാതി നൽകാവുന്നതാണ്. |
| (ഡി) | ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിന് ആവശ്യത്തിനു സർവ്വേയർമാരുടെ സേവനം യഥാസമയം ലഭിക്കാത്തതും, ഇതിനുണ്ടാകുന്ന കാലതാമസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്നു വെളിപ്പെടുത്തുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജോലിക്രമീകരണ വ്യവസ്ഥയിൽ സർവ്വേയർമാരുടെ സേവനം ലഭ്യമാക്കി കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 392** **23.3.2007-ൽ മറുപടിക്ക്**

**സ്വാശ്രയകോളേജുകളിലെ പഠനനിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. എം. ദിനേശ്മണി<br>ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. എം. ജെ. ജേക്കബ് | ശ്രീ. എം. എ. ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ സ്വാശ്രയകോളേജുകളികളിലെ പഠനനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; | (എ) സംസ്ഥാനത്തെ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ പഠനനിലവാരം എ.ഐ.സി.റ്റി.ഇ.യുടെയും യൂണിവേഴ്സിറ്റികളുടെയും പൊതുനിബന്ധനകൾക്ക് വിധേയമാണ്. എന്നാൽ വിശദമായ പരിശോധനയ്ക്ക് ഇപ്പോൾ സംവിധാനങ്ങൾ നിലവിലില്ല. |
| (ബി) മിക്ക സ്വാശ്രയകോളേജുകളിലും മികച്ച അക്കാഡമിക് യോഗ്യതയും അധ്യാപനപരിചയവുമില്ലാത്തവരാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഉന്നതവിദ്യാഭ്യാസ രംഗത്തെ നിലവാരതകർച്ച ഒഴിവാക്കുന്നതിനായി സ്വകാര്യ സ്വാശ്രയകോളേജിലെ അധ്യാപകനിയമനത്തിനായി നിയമനിർമാണം നടത്താൻ നടപടി സ്വീകരിക്കുമോ? | (സി) ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടത് ചോദ്യം നമ്പർ. 393. 23-3-2007--ൽ മറുപടിക്ക്

**നിയമങ്ങൾക്ക് കാലോചിതമായ ഭേദഗതി വരുത്താൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ്:<br>ശ്രീ. കോവൂർ കുഞ്ഞുമോൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) കാലഹരണപ്പെട്ട നിയമങ്ങൾ വേണ്ടെന്നുവയ്ക്കാനും നിലവിലുള്ള നിയമങ്ങൾക്ക് കാലോചിതമായ ഭേദഗതി വരുത്താനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | ഉണ്ട്. ഏതൊക്കെ നിയമങ്ങൾ വേണ്ടെന്നു വയ്ക്കണമെന്നും ഏതെല്ലാം നിയമങ്ങൾ പരിഷ്കരിക്കണമെന്നും ശുപാർശ ചെയ്യുന്നതിലേയ്ക്കായി ലാ റീഫോംസ് കമ്മീഷനെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) പ്രസ്തുത നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ? | ലാ റീഫോംസ് കമ്മീഷനെ നിയമിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ നടപടികൾ എന്നത്തേയ്ക്കു പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ കഴിയുകയില്ല. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 394 23/03/07-ൽ മറുപടിയ്ക്ക്.

സംസ്ഥാന സാക്ഷരതാമിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീമതി. ജെ.അരുന്ധതി<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | ശ്രീ. എം.എ. ബേബി (വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ. സംസ്ഥാന സാക്ഷരതാമിഷൻ ഇപ്പോൾ ഏറ്റെടുത്ത് നടത്തിവരുന്ന പരിപാടികൾ എന്തെല്ലാമാണ്; | എ. നിരക്ഷരർക്കായി സാക്ഷരതാ ക്ലാസുകൾ, നവ സാക്ഷരർക്കും സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയവർക്കും നാല്, ഏഴ്, പത്ത് ക്ലാസുകൾക്ക് തുല്യമായ വിദ്യാഭ്യാസം നേടാൻ സഹായിക്കുന്ന തുല്യതാ പരിപാടി, ജനങ്ങൾക്ക് തൊഴിലവസരങ്ങളും, തൊഴിൽ പരിശീലനങ്ങളും നൽകുന്ന വരുമാന വർദ്ധക പരിപാടി, സാധാരണ ജനങ്ങളുടെ ജീവിത ഗുണ നിലവാരം വർദ്ധിപ്പിക്കാനുതകുന്ന പരിപാടികൾ, ഓരോ ഗുണഭോക്താവിന്റെയും കലാ കായിക അഭിരുചികൾ പരിപോഷിപ്പിക്കാനുതകുന്ന പരിപാടികൾ, വിവരാവകാശ ബോധവൽക്കരണം, അന്ധർക്കായുള്ള ബ്രയിലി സാക്ഷരത, ജയിലിൽ കഴിയുന്നവർക്കുവേണ്ടിയുള്ള സാക്ഷരതാ പ്രവർത്തനങ്ങൾ എന്നിവ സാക്ഷരതാ മിഷൻ നടത്തിവരുന്നു. |
| ബി. നിരക്ഷരരായ എത്രപേർ സംസ്ഥാനത്തുണ്ട്; വിശദവിവരം വ്യക്തമാക്കുമോ; | ബി. 2001-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ നിരക്ഷരരുടെ എണ്ണം 63,55,686 ആണ്. |

| | | | |
|---|---|---|---|
| സി. | തൊഴിൽശാലകളോടനുബന്ധിച്ച് സാക്ഷരതാ ക്ലാസുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | സി. | തൊഴിൽ ശാലകളോടനുബന്ധിച്ചുള്ള സാക്ഷരതാ പരിപാടികൾ നിലവിൽ നടക്കുന്നില്ല. എന്നാൽ തിരുവനന്തപുരം ഹിന്ദുസ്ഥാൻ ലാറ്റക്സിലെയും കേരള ഫീഡ്സിലെയും തൊഴിലാളികൾക്ക് വേണ്ടി പത്താം തരം തുല്യതാ ക്ലാസുകൾ നടത്തിയിരുന്നു. കൂടാതെ കണ്ണൂർ സെൻട്രൽ ജയിൽ, കോഴിക്കോട് സബ്ജയിൽ, പാലക്കാട് സ്പെഷ്യൽ സബ് ജയിൽ എന്നിവിടങ്ങളിൽ സാക്ഷരതാ ക്ലാസുകൾ നടന്നുവരുന്നു. |
| ഡി. | പുതുതായി എന്തെങ്കിലും പരിപാടി ഏറ്റെടുക്കാൻ മിഷൻ ഉദ്ദേശിക്കുന്നുണ്ടോ എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | ഡി. | 2015 ഓടെ കേരളത്തെ സമ്പൂർണ്ണ പ്രൈമറി വിദ്യാഭ്യാസം നേടിയ സംസ്ഥാനമാക്കുന്നതിനുള്ള ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിവരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്തുകളിലെ 18-നും 50-നും ഇടയിൽ പ്രായമുള്ള എല്ലാവർക്കും സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുത ഗതിയിൽ പുരോഗമിക്കുന്നു. |
| ഇ. | സാക്ഷരതാമിഷന്റെ കീഴിൽ സാക്ഷരതാ പ്രവർത്തനവുമായി ബന്ധപ്പെട്ട് എത്ര പേർ പ്രവർത്തിക്കുന്നു എന്ന് വെളിപ്പെടുത്തുമോ? | ഇ. | സാക്ഷരതാമിഷൻ സംസ്ഥാന ഓഫീസിൽ 33 ജീവനക്കാരും ജില്ലാ ഓഫീസുകളിൽ 52 ജീവനക്കാരും ബ്ലോക്ക് തലത്തിൽ 8 ജീവനക്കാരും തുടർ വിദ്യാ കേന്ദ്രങ്ങളിൽ 6191 പ്രേരക്മാരും ഉണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 395 | | 23-03-2007 -ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ പ്രവർത്തനം** | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കെ.സി.രാജഗോപാൽ | | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് –മന്ത്രി) | |
| എ) | സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സ്കൂളുകളിൽ എന്തെല്ലാം തൊഴിലുകളാണ് പഠിപ്പിക്കുന്നത്; | (ബി) | ഇപ്പോൾ പഠിപ്പിച്ച് വരുന്ന തൊഴിലധിഷ്ഠിത കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു. |
| (സി) | പുതുതായി എന്തെങ്കിലും തൊഴിലുകൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അവ വ്യക്തമാക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | നിരവധി സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് ഷെഡ്ഡുകൾ ഇല്ലാത്തതുമൂലം ക്ലാസ് മുറിയിൽ വച്ച് തന്നെ പ്രാക്ടിക്കൽ ക്ലാസ് നടത്തേണ്ടി വരുന്നു എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | നടപടി സ്വീകരിച്ചു വരുന്നു. |
| (എഫ്) | വർക്ക് ഷോപ്പുകളിലേക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റ് യന്ത്ര സാമഗ്രികളും വാങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (എഫ്) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## VOCATIONAL HIGHER SECONDARY EDUCATION
## LIST OF COURSES OFFERED

### GROUP – 1

**1. Engineering Technology**

1. Civil Construction and Maintenance
2. Maintenance and Repairs of Two Wheelers and Three Wheelers
3. Maintenance and Repairs of Automobiles
4. Maintenance and Repairs of Radio and Television
5. Maintenance and Repairs of Domestic Appliances
6. Mechanical Servicing (Agro-machinery)
7. Refrigeration and Air-conditioning.
8. Printing Technology
9. Rubber Technology
10. Textile Dyeing and Printing
11. Textile Weaving
12. Computer Science
13. Computer Application

### GROUP – II

**I. Agriculture**

14. Plant Protection
15. Fruits and Vegetables
16. Nursery Management and Ornamental Gardening
17. Sericulture

**II. Animal Husbandry**

18. Livestock Management (Dairy Husbandry)
19. Livestock Management (Poultry Husbandry)
20. Dairying (Milk Products)

**III. Fisheries**

21. Aquaculture
22. Fishing Craft and Gear Technology
23. Maintenance and Operation of Marine Engines
24. Fish Processing Technology

IV. **Paramedical**

25. Medical Laboratory Technician
26. Maintenance and Operation of Bio Medical Equipments
27. ECG and Audiometric Technician
28. Domestic Nursing
29. Dental Technology
30. Physiotherapy

V. **Physical Education**

31. Physical Education

VI. **Home Science**

32. Clothing and Embroidery
33. Cosmetology and Beauty Parlour Management
34. Crèche and Pre-School Management

**GROUP – III**

**Humanities**

35. Travel and Tourism

**GROUP – IV**

**Business and Commerce**

36. Office Secretaryship
37. Accountancy and Auditing
38. General Insurance
39. Marketing and Salesmanship
40. Reception, Book-Keeping and Communication
41. Catering and Restaurant Management
42. Banking Assistance

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 396** **23/03/07-ൽ മറുപടിയ്ക്ക്.**

**ഹൈസ്കൂൾ യുവജനോത്സവത്തിലെ അപ്പീലുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജോർജ് മേഴ്സിയർ**<br>**ശ്രീ. എം. മുരളി**<br>**ശ്രീ. എ.പി. അനിൽകുമാർ**<br>**ശ്രീ. കെ. സുധാകരൻ** | **ശ്രീ. എം.എ. ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)** |
| എ. ഈ വർഷത്തെ ഹൈസ്കൂൾ യുവജനോത്സവത്തിൽ കോടതിയിൽ നിന്നുള്ള ഉത്തരവുമായി എത്രപേർ എത്തിയിരുന്നു; | എ. 189 പേർ പങ്കെടുത്തു. |
| ബി. വിവിധ വിദ്യാഭ്യാസഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകിയ അപ്പീലിൻമേലുള്ള ഉത്തരവുമായി എത്രപേർ എത്തി; | ബി. 66 പേർ പങ്കെടുത്തു. |
| സി. അതിൽ ഏറ്റവും കൂടുതൽ അപ്പീലുകളുമായി എത്തിയത് ഏത് റവന്യൂ ജില്ലക്കാരാണ്. | സി. കോഴിക്കോട് ജില്ല. |
| ഡി. വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർമാർക്ക് ആകെ നൽകാവുന്ന അപ്പീൽ ഉത്തരവുകളുടെ എണ്ണം പരിമിതപ്പെടുത്തുമോ? | ഡി. അപ്പീലുകൾ അനുവദിക്കുന്നതിൽ ഡെപ്യൂട്ടി ഡയറക്ടർമാർ കർശന നിയന്ത്രണം പാലിക്കണമെന്നും, സാങ്കേതിക തകരാറുകൾ ഉണ്ടായാൽ മാത്രം അപ്പീലുകൾ അനുവദിച്ചാൽ മതിയെന്നും മാനുവലിൽ നിഷ്കർഷിച്ചിട്ടുണ്ട്. മാനുവൽ പരിഷ്കരണ സമിതിയ്ക്ക് മുൻപാകെ ഈ വിഷയം പരിശോധിച്ച് അപ്പീൽ അനുവദിക്കുന്നതിൽ കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

4-ാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 397</u>

<u>23.3.2007 - ൽ മറുപടിക്ക്</u>

<u>സഹകരണ മേഖലയിലെ അധിക നിക്ഷേപം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബുപോൾ: | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണ മേഖലയിലെ അധിക നിക്ഷേപം സംസ്ഥാനത്തെ പശ്ചാത്തല വികസനത്തിന് ബി.ഒ.റ്റി അടിസ്ഥാനത്തിൽ വിനിയോഗിക്കുവാൻ സഹകരണ ബാങ്കുകൾക്ക് അനുമതി നൽകുവാൻ ഗവൺമെന്റ് സന്നദ്ധമാകുമോ; | (എ) സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളുടേയും/സംഘങ്ങളുടേയും ആകെ അധിക നിക്ഷേപം സ്ഥിരമായി നിലനിൽക്കുകയില്ല. മാത്രമല്ല, ആകെ അധിക നിക്ഷേപം നിയന്ത്രിക്കുന്നതിന് ക്രിയാത്മകമായ സംവിധാനവും നിലവിലില്ല. അതുകൊണ്ട്, പശ്ചാത്തല വികസനത്തിന് ബി.ഒ.റ്റി അടിസ്ഥാനത്തിൽ അധിക നിക്ഷേപം വിനിയോഗിക്കുന്നതിന് സഹകരണ ബാങ്കുകളെ അനുവദിക്കുവാൻ നിർവ്വാഹമില്ല. |
| (ബി) ഇതിനുവേണ്ടി പ്രത്യേകമായി ഏതെങ്കിലും സഹകരണ സ്ഥാപനം തുടങ്ങുവാൻ തയ്യാറാകുമോ? | (ബി) ഇക്കാര്യം പരിഗണനയിലില്ല. എന്നാൽ പ്രോജക്ട് വച്ചാൽ ചർച്ച ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 398 23/3/2007 ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ ഉപദേശകസമിതി

| ചോദ്യം<br>ശ്രീ.എം.മുരളി<br>ശ്രീ. സി.പി.മുഹമ്മദ്.<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വിദ്യാഭ്യാസ ഉപദേശക സമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ആരൊക്കെയാണ് സമിതിയിലുള്ളത്; | (ബി) പ്രൊഫ.എം.ആർ.രാഘവവാര്യർ ചെയർമാനായും, പൊതുവിദ്യാഭ്യാസ ഡയറക്ടർ എക്സ് ഒഫിഷ്യോ മെമ്പറും സമിതിയുടെ കൺവീനറുമായും, താഴെപറയുന്നവർ മെമ്പർമാരുമായി വിദ്യാഭ്യാസ ഉപദേശകസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്:-<br>കേരള സർവ്വകലാശാല വൈസ്ചാൻസിലർ,<br>സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,<br>ഹെൽത്ത് സർവ്വീസസ് ഡയറക്ടർ,<br>പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി,<br>ഡോ.മൈക്കിൾ തരകൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ മുൻ ഡയറക്ടർ,<br>ഡോ.കെ.ഗോപാലൻ, എൻ.സി.ഇ.ആർ.റ്റി മുൻ ഡയറക്ടർ,<br>ഡോ.എൻ.വേദമണി മാനുവൽ, കേരള സർവ്വകലാശാല വിദ്യാഭ്യാസ വകുപ്പ് മുൻ മേധാവി,<br>പ്രൊഫ.കെ.ഹൃദയകുമാരി, യൂണിവേഴ്സിറ്റി കോളേജ് ഇംഗ്ലീഷ് വിഭാഗം മുൻ പ്രൊഫസ്സർ,<br>ശ്രീ.കെ.ടി രാധാകൃഷ്ണൻ, പ്രൈമറി ടീച്ചർ, കൊയിലാണ്ടി,<br>ശ്രീമതി.പി. തങ്കം, തൃശൂർ ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി മുൻ ചെയർപേഴ്സൺ, കൊടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, |

തുടർച്ച-പുറം-2

| | |
|---|---|
| | ഡോ.സി.നസീമ, കോഴിക്കോട് സർവ്വകലാശാല വിദ്യാഭ്യാസ വകുപ്പ് മേധാവി, ശ്രീ.പി.ഗോവിന്ദപിള്ള, സുഭാഷ് നഗർ, വെസ്റ്റ് ഫോർട്ട്, തിരുവനന്തപുരം , ശ്രീ.എ.കെ.ചന്ദ്രൻ, കെ.എസ്.ടി.എ ജനറൽ സെക്രട്ടറി. |
| (സി) അദ്ധ്യാപക സംഘടനയെ പ്രതിനിധീകരിച്ച് ഏതൊക്കെ സംഘടനകളിൽനിന്നും ആരെയൊക്കെയാണ് ഈ സമിതിയിലുൾപ്പെടുത്തിയിട്ടുള്ളത്; | (സി) അദ്ധ്യാപക സംഘടനയിൽ നിന്നും ശ്രീ.എ.കെ.ചന്ദ്രനെ (കെ.എസ്.ടി.എ) ഈ സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) മുൻകാലങ്ങളിൽ ഈ സമിതിയിൽ ഭരണ-പ്രതിപക്ഷ അദ്ധ്യാപക സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തിയിരുന്നോ; | (ഡി) ഭരണപ്രതിപക്ഷസംഘടനകളെന്നു അദ്ധ്യാപക സംഘടനകളെ തരംതിരിച്ചംഗീകരിച്ചിട്ടില്ല. |
| (ഇ) സമിതിയിൽ കൂടുതൽ പേരുടെ പ്രാതിനിധ്യം ഇനിയും നൽകുവാൻ ഉദ്ദേശമുണ്ടോ? | (ഇ) ഇല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 399, 23-03-2007-ന് മറുപടിക്ക്

കയർമേഖലയിലെ സാങ്കേതികവിദ്യ മെച്ചപ്പെടുത്തലും വൈവിധ്യവൽക്കരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീമതി കെ.കെ.ലതിക<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി | ശ്രീ. ജി. സുധാകരൻ<br>(സഹകരണം, കയർ, ദേവസ്വം വകുപ്പുമന്ത്രി) |
| എ) കയർ ഉൽപാദനമേഖലയിൽ സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) കയർ ഉൽപാദന മേഖലയിൽ സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ കയർപിരിക്കുന്നതിന് വനിതാ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നു. പരിശീലനം സിദ്ധിച്ച തൊഴിലാളികൾക്ക് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി റാട്ടുകൾ സൗജന്യമായി വിതരണം ചെയ്തു വരുന്നു. കൂടാതെ വർക്ക്ഷെഡ് നിർമിക്കുന്നതിനുള്ള ധനസഹായവും അത്യാവശ്യമുള്ള മൂലധനവും ലഭ്യമാക്കുന്നുണ്ട്.<br><br>വിപണിയിൽ ആവശ്യമുള്ള കയർപിരിക്കുന്നതിന് ഒരുതരം കയറിന്റെ ഉൽപാദനം അറിയാവുന്ന തൊഴിലാളികൾക്ക് മറ്റ് മൂന്നുതരം കയർ കൂടി പിരിക്കുന്നതിനുള്ള സാങ്കേതിക പരിശീലനവും കയർ ഭൂവസ്ത്ര നിർമാണത്തിനുള്ള പരിശീലനവും എൻ.സി.ആർ.എം.ഐ (നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്) വഴി നൽകി വരുന്നുണ്ട്. കയർബോർഡും സംസ്ഥാന ഗവൺമെന്റും ചേർന്ന് കഴിഞ്ഞ സാമ്പത്തികവർഷം മഹിളാ കയർ യോജന പ്രകാരം 18,000 വനിതാ തൊഴിലാളികൾക്ക് മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടിൽ കയർപിരിക്കുന്നതിന് പരിശീലനം നൽകി, ഇവർക്ക് സൗജന്യമായി റാട്ട് വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.<br><br>പച്ചത്തൊണ്ടിൽ നിന്നുമുള്ള ചകിരി ജൈവപ്രക്രിയയിലൂടെ അഴുക്കത്തൊണ്ടിന്റെ ഗുണനിലവാരമുള്ളതാക്കാൻ വേണ്ട സാങ്കേതികവിദ്യ സി.സി.ആർ.ഐ വികസിപ്പിച്ചിട്ടുണ്ട്.<br><br>കയർ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്നതിനായി ഒരു ദേശീയ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ) ആരംഭിച്ചു. കയർ ഉൽപാദനരംഗത്തെ യന്ത്രങ്ങൾ നവീകരിക്കുവാൻ 30 ലക്ഷം രൂപ എൻ.സി.ആർഎം.ഐക്ക് അനുവദിച്ചിട്ടുണ്ട്.<br><br>ആലപ്പുഴയിലെ കയർമേഖലയുടെ പശ്ചാത്തല വികസനത്തിനായി കയർ ബോർഡും സംസ്ഥാന ഗവൺമെന്റും ചേർന്ന് രൂപംനൽകിയ ആലപ്പി കയർ ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കാൻ 58.6 കോടി രൂപയുടെ ഒരു പ്രൊജക്ട് കേന്ദ്രസർക്കാർ അംഗീകരിക്കുകയും 14.2 കോടി രൂപ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സെമി ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുക, ചകിരിച്ചോർ |

| | |
|---|---|
| | സംസ്കരണ യൂണിറ്റുകൾ, കോമൺ ഫെസിലിറ്റി സർവീസ് സെന്ററുകൾ, ഡൈഹൗസുകൾ, മലിനീകരണ സംസ്കരണ പ്ലാന്റ് മുതലായവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കയർമേഖലയിൽ നവീന ഉൽപന്നങ്ങൾ നിർമ്മിക്കുന്നവർക്കും നൂതന ഗവേഷണങ്ങൾ നടത്തുന്നതിന് സാമ്പത്തികസഹായം നൽകുന്നുണ്ട്. മാർക്കറ്റ് ഓറിയന്റഡ് പ്രൊഡക്ട് ഡവലപ്മെന്റ് പദ്ധതി പ്രകാരം കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് എന്നിവിടങ്ങളിൽ പവർലൂമുകളും മറ്റ് ആധുനിക യന്ത്രങ്ങളും സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്.<br><br>പരമ്പരാഗത കൈത്തറികൾക്ക് പകരമായി കൂടുതൽ ഉത്പാദന ശേഷിയുള്ള സെമി ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് സഹകരണസംഘങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവർക്ക് അവരുടെ മെഷിനറിയുടെ മുതൽ മുടക്കിന്റെ 50 ശതമാനം വരെ സബ്സിഡി നൽകാനുള്ള ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്.<br><br>**NCRMI** യും **NIRJAFT** ഉം ചേർന്ന് നടത്തിയ ഗവേഷണ ഫലമായി വികസിപ്പിച്ചെടുത്ത കയർ ചകിരിയും ഇതര പ്രകൃതിദത്ത നാരുകളും ചേർത്ത് സങ്കരയാണുകൾ ഉൽപാദിപ്പി ക്കുന്ന ഫാക്ടറി വ്യാവസായികാടിസ്ഥാനത്തിൽ ആരംഭിക്കു ന്നതിന് 2007-2008 ലെ ബജറ്റിൽ അംഗീകാരം നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ കയർ മാറ്റിംഗ് ഉപയോഗിച്ച് കയർ കോമ്പോസിറ്റ് ബോർഡുകൾ നിർമിക്കുന്ന ആധുനിക ഫാക്ടറി സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>കയർരംഗത്തെ സാങ്കേതികവിദ്യ മെച്ചപ്പെടുത്താനും തൊഴിലാളി കളുടെ വൈദഗ്ധ്യം ഉയർത്തിക്കൊണ്ടുവരുന്നതിനുമുള്ള പദ്ധതി കൾക്കുമായി 3 കോടി രൂപയുടെ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് 2007-08 ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) കയർ ഉൽപന്നങ്ങളുടെ ഡിസൈനിംഗിനായി കംപ്യൂട്ടർ എയിഡഡ് ഡിസൈൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീക രിച്ചിട്ടുണ്ടോ; | ഉണ്ട്. കമ്പോളത്തിലെ ആവശ്യങ്ങൾക്കനുസൃതമായി ഉൽപന്ന ങ്ങൾ ഡിസൈൻ ചെയ്യാൻ കംപ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സോഫ്റ്റ്വെയറു കളുള്ള കംപ്യൂട്ടറുകൾ സ്ഥാപിക്കുന്നതിന് കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾക്കും പൊതുമേഖലാസ്ഥാപനങ്ങൾക്കും ധനസഹായം നൽകിവരുന്നു. |
| സി) കയറുൽപ്പന്നങ്ങൾ വൈവിധ്യവ ൽക്കരിക്കുന്നതിനായി ഗവേഷണങ്ങൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | കയർ ഉൽപന്നങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനുള്ള പ്രവർ ത്തനങ്ങൾ എൻ.സി.ആർ.എം.ഐ വഴി നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി എൻ.സി.ആർ.എം.ഐ കൽക്കത്തയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജ്യൂട്ട് ആന്റ് അലൈഡ് ഫൈബർ ടെക്നോളജിയുമായി ചേർന്ന് കയറിന്റെയും ചണത്തിന്റെയും സങ്കര യാണുകൾ ഉൽപാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചുവരുന്നു. ഇതുപയോഗിച്ച് കൂടുതൽ മേനിയും വർണ്ണവൈവിധ്യവുമുള്ള ഉൽപന്നങ്ങൾ നിർമിക്കുവാൻ കഴിയും.<br><br>കയർ ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഏകദേശം 15-ൽപ്പരം പുതിയ കയർ ഉൽപന്നങ്ങൾ വിപണന സാധ്യതയുടെ അടിസ്ഥാനത്തിൽ എൻ.സി.ആർ.എം.ഐ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ചങ്ങനാശേരിയിലുള്ള കോമൺ ഫെസിലിറ്റി സർവീസ് സെന്ററുമായി സഹകരിച്ച് ചകിരി |

| | |
|---|---|
| | ച്ചോറിനെ റബ്ബറുമായി ചേർത്ത് റബ്ബർ ചെരുപ്പുകൾ, ഡോർ മാറ്റുകൾ എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ നിർമിച്ചിട്ടുണ്ട്. ഈ കണ്ടുപിടുത്തത്തിന്റെ പേറ്റന്റ് രജിസ്ട്രേഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>ആയുർവേദ മരുന്നുകളുടെ കറ ഉപയോഗിച്ച് നിറം പിടിപ്പിച്ച കയർ ഉൽപന്നങ്ങൾ കൊണ്ട് അലങ്കരിച്ച മുറിയിൽ രോഗികളെ താമസിപ്പിച്ച് ചില രോഗങ്ങൾക്ക് ചികിൽസയായി ഇത് ഉപയോഗിക്കുന്നതിനുള്ള ഗവേഷണം എൻ.സി.ആർ.എം.ഐ ഗവൺമെന്റ് ആയുർവേദ കോളേജുമായി സഹകരിച്ച് നടത്തി. ക്ലിനിക്കൽ പരീക്ഷണങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്.<br><br>ഇതുകൂടാതെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ മുതലായ സ്ഥാപനങ്ങളുമായി സഹകരിച്ച് കയറും, ഇതര സ്വാഭാവിക നാരുകളുമായി ചേർത്ത് നവീനങ്ങളായ ഉൽപന്നങ്ങൾ നിർമിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 400 23/3/2007 ൽ മറുപടിയ്ക്ക്

## മാലിന്യ നിർമ്മാർജനത്തിന്റെ പ്രാധാന്യം പാഠ്യ വിഷയമാക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ.വി.സുരേന്ദ്രൻ പിള്ള<br>ശ്രീ.മോൻസ് ജോസഫ് | മറുപടി<br>ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മാലിന്യനിർമ്മാർജനത്തിന്റെ പ്രാധാന്യം കുട്ടികളെ പഠിപ്പിക്കുന്നതിനായി ഇത് സ്കൂൾ പാഠ്യ വിഷയമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇതിനുള്ള സിലബസ് അംഗീകരിച്ചോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) പുതിയ പാഠ്യപദ്ധതി രൂപപ്പെടുത്തുമ്പോൾ വിവിധ വിഷയങ്ങളിൽ മാലിന്യ നിർമാർജനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന ഘടകങ്ങൾ ഉൾപ്പെടുത്തുന്നതാണ്. |
| (സി) ഇതു സംബന്ധിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഉണ്ട് |
| (ഡി) എന്നുമുതൽ ഈ പദ്ധതി നടപ്പിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (ഡി) പുതുക്കിയ പാഠ്യപദ്ധതി നിലവിൽവരുന്ന മുറയ്ക്ക് ഈ പദ്ധതി നിലവിൽ വരുന്നതാണ് . |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 401 23/03/07-ൽ മറുപടിയ്ക്ക്.

വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ടി.പി.മുഹമ്മദ്<br>ശ്രീ. കെ. ബാബു<br>ശ്രീ. എം.എ. വാഹിദ് | ശ്രീ. എം.എ. ബേബി (വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| എ. 2007-08 വാർഷിക പദ്ധതിയനുസരിച്ച് ഏതെല്ലാം ക്ലാസുകളിലെ എത്ര വീതം വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകാനുദ്ദേശിക്കുന്നത്;<br><br>ബി. ഓരോ ക്ലാസിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എത്ര ശതമാനം പേർക്കാണ് സ്കോളർഷിപ്പ് നൽകുക; | (എ) യും (ബി) യും.<br>2007-08 വാർഷിക പദ്ധതി അനുസരിച്ച് 5000 ഹയർ സെക്കന്ററി സ്കൂൾ കുട്ടികൾക്ക് 10,000/- രൂപ പ്രതി വർഷം സ്കോളർഷിപ്പ് നൽകുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2000 ബിരുദ ബിരുദാനന്തരവിദ്യാർത്ഥികൾക്കും സയൻസ്, സോഷ്യൽ സയൻസ്, ഹ്യൂമാനിറ്റീസ് എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന 40 വീതം വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകാനുദ്ദേശിക്കുന്നു. ഹയർ സെക്കന്ററി തലത്തിലും ബിരുദ ബിരുദാനന്തര തലത്തിലും ഉദ്ദേശം ഒരു ശതമാനം വിദ്യാർത്ഥികൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| സി. പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തും ഉന്നത വിദ്യാഭ്യാസ രംഗത്തും ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനുദ്ദേശമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ? | സി. ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ **402**

23-3-2007- ൽ മറുപടിയ്ക്ക്

## കെ.ഇ.ആർ. പരിഷ്ക്കരണ സമിതിയിലെ അംഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. കെ.വി. തോമസ്:<br>ശ്രീ.ടി.എൻ. പ്രതാപൻ:<br>ശ്രീ. പി.സി. വിഷ്ണുനാഥ്: | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പു മന്ത്രി) |
| **(എ)** കെ.ഇ.ആർ. പരിഷ്ക്കരണ സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ്; | **(എ)** കേരള വിദ്യാഭ്യാസ നിയമം(1958), കേരള വിദ്യാഭ്യാസ ചട്ടം (1959) എന്നിവ പരിഷ്ക്കരിക്കുന്നതിനുവേണ്ടി ശുപാർശകൾ സമർപ്പിക്കുന്നതിനായി ശ്രീ.സി.പി.നായർ (റിട്ട. ചീഫ് സെക്രട്ടറി) ചെയർമാനായി നിയമിക്കപ്പെട്ട കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്: |

1. ഡോ.കെ.എൻ.ഗണേഷ്, ചരിത്രവിഭാഗം മേധാവി, കോഴിക്കോട് സർവ്വകലാശാല. — മെമ്പർ
2. ശ്രീ. വി.നാരായണൻ മാസ്റ്റർ, ചെയർമാൻ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ജില്ലാപഞ്ചായത്ത്, കാസർഗോഡ്. — മെമ്പർ
3. ശ്രീ. എ.സുഹൃത്കുമാർ, ലക്ചറർ, ഗവ: ലോ കോളേജ്, തിരുവനന്തപുരം. — മെമ്പർ
4. ശ്രീ. സി.കെ.പത്മാകരൻ, ജോയിൻറ് സെക്രട്ടറി, (നിയമവകുപ്പ്) ഗവ:സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. — മെമ്പർ
5. ശ്രീ. എ.കെ. ചന്ദ്രൻ, ജനറൽ സെക്രട്ടറി, കേരള സ്കൂൾ ടീച്ചേഴ്സ് അസ്സോസിയേഷൻ (കെ.എസ്.ടി.എ). — മെമ്പർ
6. ശ്രീ. എൻ.ശ്രീകുമാർ, ജനറൽ സെക്രട്ടറി, ഓൾ കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (എ).കെ.എസ്.ടി.യു). — മെമ്പർ

| | | |
|---|---|---|
| 7 | ശ്രീ. കെ. വിക്രമൻ നായർ, പ്രസിഡന്റ്, ഗവൺമെന്റ് സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (ജി.എസ്സ്.ടി.യു). | മെമ്പർ |
| 8 | ശ്രീ. എൻ. ത്യാഗരാജൻ, ജോയിന്റ് ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് തിരുവനന്തപുരം. | മെമ്പർ സെക്രട്ടറി |

**(ബി)** ഇതിൽ അദ്ധ്യാപക സംഘടനാ പ്രതിനിധികൾ ആരെല്ലാമാണെന്നും അവർ ഏതു സംഘടനയെ പ്രതിനിധീകരിക്കുന്നവരാണെന്നും വെളിപ്പെടുത്തുമോ;

**(ബി)**

| | <u>മെമ്പർ</u> | <u>സംഘടന</u> |
|---|---|---|
| i. | ശ്രീ.എ.കെ.ചന്ദ്രൻ | കേരള സ്കൂൾ ടീച്ചേഴ്സ് അസ്സോസിയേഷൻ (കെ.എസ്.ടി.എ). |
| ii. | ശ്രീ.എൻ.ശ്രീകുമാർ | ഓൾ കേരളാ സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (എ.കെ.എസ്.ടി.യു). |
| iii. | ശ്രീ.കെ.വിക്രമൻ നായർ | ഗവൺമെന്റ് സ്കൂൾ ടീച്ചേഴ്സ് യൂണിയൻ (ജി.എസ്സ്.ടി.യു) |

**(സി)** പ്രസ്തുത സമിതിയിൽ പ്രതിപക്ഷ അദ്ധ്യാപക സംഘടനകൾക്ക് പ്രാതിനിധ്യം നൽകിയിട്ടുണ്ടോ;

**(ഡി)** ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കുമോ ?

**(സി) & (ഡി)**

അദ്ധ്യാപക സംഘടനകളെ സംബന്ധിച്ചിടത്തോളം ഭരണ പക്ഷമെന്നോ പതിപക്ഷമെന്നോ ഒരു വർഗ്ഗീകരണം സർക്കാർ നടത്തിയിട്ടില്ല. അതിനാൽ ഭരണപക്ഷമെന്നോ <u>പ്രതിപക്ഷമെന്നോയുള്ള</u> പരിഗണന കൂടാതെയാണ് അദ്ധ്യാപക സംഘടനാ പ്രതിനിധികളെ ടി. കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

4-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 403**

**23.3.2007 - ൽ മറുപടിയ്ക്ക്**

**"കിസാൻ പാസ്സ് ബുക്ക് പദ്ധതി"**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്ജ്.എം. തോമസ്:<br>ശ്രീ. എം.കെ പുരുഷോത്തമൻ:<br>ശ്രീ. എം.ജെ.ജേക്കബ്ബ്:<br>ശ്രീ.ബി.ഡി. ദേവസ്സി:<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ: | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുള്ള കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) 1998-99 വർഷത്തെ കേന്ദ്ര പൊതു ബജറ്റ് പ്രസംഗത്തിലാണ് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ പ്രഖ്യാപനം ഉണ്ടായത് . കർഷകരുടെ വസ്തുക്കളുടെ വ്യാപ്തിയെ അടിസ്ഥാനമാക്കി വായ്പാ പരിധി നിർണ്ണയിച്ചുകൊണ്ട് മൂന്ന് വർഷക്കാലാവധിയുള്ള ക്രെഡിറ്റ് കാർഡ് ബാങ്കുകൾ കർഷകന്റെ പേർക്ക് നൽകുന്നു. കർഷകരുടെ പൂർണ്ണമായ മേൽവിലാസം, ഫോട്ടോ, ജലസേചനം ഉപയോഗിച്ചും അല്ലാതെയുമുള്ള വസ്തുവിന്റെ വിവരങ്ങൾ, പാട്ടവസ്തുവിന്റെ വിവരങ്ങൾ, എടുക്കാവുന്ന വായ്പാ പരിധി ഇടപാടുകൾ നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ഈ കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാർഡ് ഉപയോഗിച്ച് കർഷകർക്ക് എപ്പോൾ വേണമെങ്കിലും വളം - കീടനാശിനികൾ തുടങ്ങിയവ വാങ്ങുന്നതിന് ആവശ്യമുള്ള തുക നൽകുകയും വിളവെടുപ്പിന് അനുസരിച്ച് തുക തിരിച്ചടയ്ക്കാവുന്നതു മാണ്. മൂന്ന് വർഷക്കാലാവധിക്കുശേഷം കാർഡ് പുതുക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ക്രെഡിറ്റ് കാർഡുകൾ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്; | (ബി) | ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനകം 736232 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാന ഗവൺമെന്റ് ആവിഷ്ക്കരിച്ച "കിസാൻ പാസ്സ് ബുക്ക് പദ്ധതി" യുടെ വിശദാംശം വെളിപ്പെടുത്തുമോ; | (സി) | സഹകരണ മേഖലയിൽ സംസ്ഥാന സർക്കാർ "കിസാൻ പാസ്സ് ബുക്ക് പദ്ധതി" എന്ന പേരിൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല. |
| (ഡി) | ഈ പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഉത്തരം(സി) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടത് ചോദ്യം നമ്പർ. 404 23-3-2007--ൽ മറുപടിക്ക്

**കേസുകൾ നിരീക്ഷിക്കാനുള്ള ഓൺലൈൻ സമ്പ്രദായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീ.വി.ശശികുമാർ:<br>ശ്രീ.പി.ടി.എ.റഹിം:<br>ശ്രീ.എ.സി.മൊയ്തീൻ:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തിൻെറ കേസുകൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാനുള്ള ഓൺലൈൻ സമ്പ്രദായം നിലവിലുണ്ടോ; | നിലവിലുണ്ട്. |
| (ബി) ഏതെല്ലാം ഓഫീസുകളെയാണ് ഓൺലൈൻ സംവിധാനംവഴി ബന്ധിപ്പിച്ചിട്ടുള്ളത്; | സംസ്ഥാന നിയമവകുപ്പ്, സുപ്രീം കോടതിയിലെ കേസുകൾ നടത്തുന്നതിനുവേണ്ടിയുള്ള ന്യൂഡൽഹിയിലെ ലാ ഓഫീസ്, 14 ജില്ലകളിലെ ഡിസ്ട്രിക്ട് ഗവൺമെൻറ് പ്ലീഡർമാരുടെയും പബ്ലിക് പ്രോസിക്യൂട്ടർമാരുടേയും ഓഫീസുകൾ എന്നിവയാണ് ഓൺലൈൻ സംവിധാനം വഴി ബന്ധിപ്പിച്ചിട്ടുള്ളത്. |
| (സി) ഇതുമൂലം സംസ്ഥാനത്തിൻെറ കേസുകൾ നടത്തുന്നതിലെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | ഉണ്ട് |

---

| | |
|---|---|
| (ഡി) കേസ് നടത്തിപ്പിൽ വീഴ്ചവരുത്തിയ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; സർക്കാർ വാദിയായും പ്രതിയായും ഉള്ള എത്ര കേസുകളാണ് ഹൈക്കോടതിയിൽ നിലവിലുള്ളതെന്ന് അറിയിക്കുമോ? | ഉണ്ട്. സംസ്ഥാന സർക്കാർ പ്രതിയായി 1,26,959 കേസുകളും, വാദിയായി 5714 കേസുകളും ഉൾപ്പെടെ ആകെ 1,32,673 കേസുകൾ ഹൈക്കോടതിയിൽ നിലവിൽ ഉണ്ട്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 405 — 23-03-2007-ൽ മറുപടിയ്ക്ക്

## തലസ്ഥാനത്ത് അന്താരാഷ്ട്ര സ്റ്റേഡിയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ടി. ജലീൽ,<br>ശ്രീ. വി. ശിവൻകുട്ടി,<br>ശ്രീ. സാജു പോൾ,<br>ശ്രീ.സി.കെ. സദാശിവൻ,<br>ശ്രീ.കെ. കുഞ്ഞിരാമൻ. | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | (എ) |
| അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക മത്സരങ്ങൾ നടത്താൻ സൗകര്യമുള്ള എത്ര സ്റ്റേഡിയങ്ങൾ സംസ്ഥാനത്തുണ്ട് ; ഇതിന് സൗകര്യമുള്ള ഒരു സ്റ്റേഡിയം തലസ്ഥാനത്ത് ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എറണാകുളത്തെ കലൂരിൽ അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരങ്ങൾ നടത്തുന്നതിനും കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ, ക്രിക്കറ്റ് മത്സരങ്ങൾ നടത്തുന്നതിനും സൗകര്യമുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക മത്സരങ്ങൾ നടത്താൻ സൗകര്യമുള്ള സ്റ്റേഡിയം തലസ്ഥാനത്ത് ലഭ്യമല്ലെന്ന കാര്യം പരിഗണനയിലാണ്. |
| (ബി) | (ബി) |
| ആധുനിക സ്റ്റേഡിയങ്ങളോ, സ്പോർട്സ് കോംപ്ലക്സോ തലസ്ഥാനത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | പരിഗണനയിലുണ്ട്. |
| (സി) | (സി) യും (ഡി) യും |
| സ്ഥലം ലഭ്യമാക്കിയാൽ തലസ്ഥാനത്ത് ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുമെന്ന് ക്രിക്കറ്റ് കൺട്രോൾ ബോർഡ് വാഗ്ദാനം നൽകിയിരുന്നോ ; എങ്കിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; | പരിശോധിച്ചു വരുന്നു. |
| (ഡി)<br>പ്രസ്തുത സ്റ്റേഡിയം ആധുനിക സൗകര്യങ്ങളോടെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 406

23.3.2007-ൽ മറുപടിക്ക്

## ട്രെയിൻ സർവ്വീസിൻെറ അപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.സി.ടി.അഹമ്മദ് അലി<br>ശ്രീ.യു.സി.രാമൻ | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തിൻെറ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ ട്രെയിൻ യാത്രയ്ക്ക് ആവശ്യമുള്ളത്ര ട്രെയിൻ ഇല്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഷൊർണ്ണൂർ വരെയുള്ള ട്രെയിൻ സൗകര്യം അവിടെ നിന്നും വടക്കോട്ട് ലഭ്യമല്ലെന്ന കാര്യം പരിഗണിച്ച് മലബാർ ഭാഗത്തേക്ക് കൂടുതൽ ട്രെയിനുകൾ ഓടിക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;<br>സി) ഇതിനായി നിലവിലുള്ള സർവ്വീസുകൾ മലബാർ ഭാഗത്തേക്കു നീട്ടുന്നതിനും കൊങ്കൺ വഴി കൂടുതൽ ട്രെയിൻ സർവ്വീസുകൾ തുടങ്ങേണ്ടതിൻെറയും ആവശ്യകത കേന്ദ്രത്തെ ബോധ്യപ്പെടുത്തുമോ? | (ബി) യും (സി) യും<br>കൊങ്കൺ വഴി ഉൾപ്പെടെ കേരളത്തിൽ കൂടുതൽ ട്രെയിനുകൾ സർവ്വീസ് ആരംഭിക്കണമെന്നും നിലവിലുള്ള ചില ട്രെയിനുകൾ നീട്ടണമെന്നും കേന്ദ്ര റയിൽ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മലബാർ പ്രദേശത്തേക്കുള്ള ട്രെയിൻ സർവ്വീസ് വർദ്ധിപ്പിക്കണം എന്ന് നിരന്തരമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

*നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ 407 — 23-3-2007 ൽ മറുപടിയ്ക്ക്.

**ഹയർ സെക്കന്ററി സ്കൂളുകളിലെ പുതിയ പാഠ്യപദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. എം.എ. ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി |
| (എ) ഹയർ സെക്കന്ററി സ്കൂളുകളിൽ നടപ്പാക്കിയ പുതിയ പാഠ്യപദ്ധതി, വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുള്ള സാധ്യതയ്ക്ക് മങ്ങലേൽപ്പിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാന സിലബസിൽ പഠിക്കുന്ന കുട്ടികൾ എൻട്രൻസ് പരീക്ഷയിൽ പിന്നാക്കം പോകും എന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | (ബി) ഇപ്രകാരം സംഭവിക്കുമെന്ന് സർക്കാർ കരുതുന്നില്ല. |
| (സി) സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ എന്നീ കേന്ദ്ര സിലബസുകളിൽ പഠിച്ചുവരുന്നവർക്കും സ്വകാര്യ-സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്കും മാത്രമായി ഉന്നതവിദ്യാഭ്യാസ മേഖല മാറുന്ന അവസ്ഥ മാറ്റിയെടുക്കാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (സി) സംസ്ഥാനത്ത് നിലവിലുള്ള പാഠ്യപദ്ധതി അനുസരിച്ച് പഠിക്കുന്ന കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ധാരാളം സാധ്യത നിലവിലുണ്ട്. ഈ പാഠ്യപദ്ധതി ഉന്നതവിദ്യാഭ്യാസത്തിന് ഏറ്റവും അനുയോജ്യമെന്ന് തന്നെയാണ് സർക്കാർ കരുതുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നം: 408 — 23.3.2007 ന് മറുപടിക്ക്

## കേരള സാഹിത്യ അക്കാദമിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.മാണി :<br>ശ്രീ.സി.എഫ്.തോമസ്:<br>പ്രൊഫ: എൻ.ജയരാജ്:<br>ശ്രീ.തോമസ് ഉണ്ണിയാടൻ: | ശ്രീ.എം.എ. ബേബി<br>(ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള സാഹിത്യ അക്കാദമിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) സാഹിത്യ അക്കാദമി ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. |
| (ബി) എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ബി) പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന നടപടികൾ സാഹിത്യ അക്കാദമി സ്വീകരിച്ചിട്ടുണ്ട്.<br><br>1. 2007 വർഷം നവോത്ഥാന സന്ദേശ പ്രചാരണ വർഷമായി ആസൂത്രണം ചെയ്തു.ഫെബ്രുവരിയിൽ ദശദിന ദേശീയ പുസ്തകോൽസവം നടത്തി. മാർച്ച് 18 ന് പാലക്കാട് ജൈനമേട്ടിൽ വച്ച് വീണപൂവിന്റെ നൂറാം വാർഷികം ആഘോഷിച്ചു. ഏപ്രിൽ മാസം ഇന്ദുലേഖ എന്ന കൃതി കേരളത്തിന്റെ സാമൂഹ്യനവോത്ഥാനത്തിൽ വഹിച്ച പങ്കിനെക്കുറിച്ചുള്ള സിമ്പോസിയം നടത്തുന്നതോടൊപ്പം മാധ്യമ പ്രവർത്തകസംഗമവും സംഘടിപ്പിക്കും.<br><br>2. നിലവിലുള്ള തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>3. സാമ്പത്തികമായ വിഭവ സമാഹരണം ലക്ഷ്യമിട്ട് കൂടുതൽ വിപുലമായ പുസ്തക വിൽപന നടത്തുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട്. |

4. ലൈബ്രറി പ്രവർത്തനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും വിപുലമാക്കുന്നതിനും നടപടികൾ എടുത്തിട്ടുണ്ട്. ഡിജിറ്റൽ ലാബ് സ്ഥാപിച്ച് അപൂർവ്വ ഗ്രന്ഥങ്ങളുടെ ഇ.ബുക്ക് തയ്യാറാക്കി വരുന്നു. കൂടുതൽ ഗവേഷകരെ ആകർഷിക്കുന്നതിനും കാര്യക്ഷമമായ ഗവേഷണ അന്തരീക്ഷം ഉണ്ടാക്കുന്നതിനും വേണ്ടി പുതിയ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.
5. ആനുകാലികങ്ങളുടെ ലക്കങ്ങൾ കൂടുതൽ അക്കാദമികവും കാലിക പ്രാധാന്യവുമാക്കിയിട്ടുണ്ട്.
6. അപ്പൻ തമ്പുരാൻ സ്മാരകത്തിന്റെ ആനുകാലിക ലൈബ്രറിയുടെ പ്രവർത്തനവും കൂടുതൽ ചിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
7. അക്കാദമി പ്രസിദ്ധീകരിക്കുന്ന കൃതികൾ നിലവിലുള്ള പ്രസിദ്ധമായ വില്പന ഏജൻസികളിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
8. മലയാള സാഹിത്യത്തെയും കേരളചരിത്രത്തെയും സംസ്കാരത്തെയും സമൂഹത്തെയും സംബന്ധിച്ച ഗവേഷണപഠനങ്ങളും എഴുത്തുകാരെ സഹായിക്കുന്ന രീതിയിലുള്ള പുസ്തകങ്ങളും ഇപ്പോൾ കൂടിയ അളവിൽ പ്രസിദ്ധീകരിച്ച് പ്രചരിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 409
## 23.3.2007 ൽ മറുപടിക്ക്

### പിരിച്ചുവിടപ്പെട്ട സഹകരണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ശക്തൻ :<br>ശ്രീ.വർക്കല കഹാർ :<br>ശ്രീ.ടി.എൻ.പ്രതാപൻ:<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ: | ശ്രീ. ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര സഹകരണ സംഘങ്ങളുടെ ഭരണ സമിതികളെ പിരിച്ചുവിട്ടിട്ടുണ്ട്; | (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം . ഇതുവരെ സഹകരണ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന 12 പ്രാഥമിക സഹകരണ സംഘങ്ങളുടെ ഭരണ സമിതികളെ പിരിച്ചുവിട്ടിട്ടുണ്ട്. അഴിമതി കാരണം കൊല്ലം ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതി പിരിച്ചുവിട്ടിട്ടുണ്ട്. |
| ബി) ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) 1. തിരുവനന്തപുരം : 3<br>2. പത്തനംതിട്ട : 1<br>3. ആലപ്പുഴ : 2<br>4. ഇടുക്കി : 3<br>5. എറണാകുളം : 3<br>------<br>12<br>===== |
| സി) ഇവയിൽ എത്രഭരണ സമിതി കോടതി ഉത്തരവിനെത്തുടർന്ന് അധികാരത്തിൽ തിരികെ എത്തി ? | (സി) ഇവയിൽ കോടതി ഉത്തരവിനെ തുടർന്ന് ഭരണസമിതികൾ ഒന്നും അധികാരത്തിൽ തിരികെ എത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 410

23.3.2007-ൽ മറുപടിക്ക്

## റെയിൽവേപാത ഇരട്ടിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.എ.സി.മൊയ്തീൻ | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് റെയിൽപാത ഇരട്ടിപ്പിക്കുന്നതിന് ഇതിനകം ഏതെല്ലാം ലൈനുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്; | എ) 1. എറണാകുളം-കായംകുളം (ആലപ്പുഴ വഴിയും കോട്ടയം വഴിയും)<br>2. ഷൊർണ്ണൂർ-മാംഗളൂർ എന്നീ ലൈനുകൾ ഇരട്ടിപ്പിക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. |
| ബി) ഇവയ്ക്ക് അനുമതി ലഭിച്ച വർഷവും പണിയുടെ പുരോഗതിയും വ്യക്തമാക്കുമോ; | ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| സി) സ്ഥലം ഏറ്റെടുത്ത് നൽകുന്നതിലെ കാലതാമസംമൂലം ഏതെല്ലാം പണികൾ മുടങ്ങിക്കിടക്കുന്നു എന്ന് അറിയിക്കുമോ<br><br>ഡി) സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) യും (ഡി) യും<br>സംസ്ഥാനത്ത് റെയിൽ വികസനത്തിനായി റെയിൽവെ ആവശ്യപ്പെടുന്ന സ്ഥലം സമയബന്ധിതമായി ഏറ്റെടുത്ത് നൽകുന്നതിന് നടപടികൾ എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 411 23.3.07 ൽ മറുപടിക്ക്.

എം.ജി സർവ്വകലാശാലയിലെ പരീക്ഷാ നടത്തിപ്പിലെ അപാകത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. ജോർജ്ജ് : | | ശ്രീ. എം.എ. ബേബി (വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) | |
| (എ) | എം.ജി. സർവ്വകലാശാലയിലെ പരീക്ഷാ നടത്തിപ്പ് അവതാളത്തിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | പരീക്ഷാ നടത്തിപ്പ് അവതാളത്തിലായിട്ടില്ല. |
| (ബി) | പരീക്ഷ നടത്തി ആറുമാസം കഴിഞ്ഞിട്ടും പരീക്ഷാഫലം പ്രസിദ്ധീകരിക്കാത്ത എത്ര കോഴ്സുകളുണ്ടെന്ന് വിശദമാക്കുമോ ; | (ബി)യും (സി)യും | ഫൈനൽ പരീക്ഷ നടത്തി ആറ് മാസം കഴിഞ്ഞിട്ടും പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടില്ലാത്ത 5 (അഞ്ച്) കോഴ്സുകളാണുള്ളത്.<br>1. എം.എ. ഇംഗ്ലീഷ് മെയ് 2006<br>2. എം കോം. മെയ് 2006<br>3. എം.ഫിൽ (എഡ്യൂക്കേഷൻ) മാർച്ച് 2006<br>4. ബി.ടെക് (ഓൾഡ് സ്കീം - 2002 ന് മുൻപുള്ള അഡ്മിഷൻ) ആഗസ്റ്റ് 2006.<br>5. എൽ.എൽ.ബി. (ഫൈനൽ സെമസ്റ്റർ) സെപ്റ്റംബർ 2006. |
| (സി) | ഏതെല്ലാം കോഴ്സുകളുടെ പരീക്ഷാഫലം ആണ് പ്രസിദ്ധീകരിക്കാനുള്ളത്; | | |
| (ഡി) | ഇങ്ങനെ പരീക്ഷാഫലം വൈകുന്നതുകൊണ്ട് തുടർപഠനങ്ങൾക്ക് വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ഡി) | പരീക്ഷാഫലം വൈകുന്നതുമൂലം തുടർപഠനങ്ങൾക്ക് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കുവാനും ബുദ്ധിമുട്ട് നേരിട്ടാൽ പരിഹരിക്കുവാനും പരമാവധി ശ്രമിക്കുന്നുണ്ട് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |

(ഈ) പരീക്ഷാഫലം പ്രസിദ്ധീകരിക്കുവാൻ കാലതാമസം നേരിടുന്നതിന് എതിരെ എന്തെങ്കിലും വിശദീകരണം ആവശ്യപ്പെടാൻ തയ്യാറാകുമോ?

(ഈ) പരീക്ഷാഫലങ്ങൾ കാലതാമസം ഒഴിവാക്കി പ്രസിദ്ധീകരിക്കുന്നതിന് സർവ്വകലാശാല കഴിവതും ശ്രമിക്കുന്നുണ്ട് എന്നും എന്നാൽ കോഴ്സുകളുടെ സെമസ്റ്റർവൽക്കരണം മൂലം പരീക്ഷകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും മൂല്യനിർണ്ണയത്തിന് പരിചയസമ്പന്നരായ അദ്ധ്യാപകരുടെ ദൗർലഭ്യവും ചില പരീക്ഷകളുടെ ഫലപ്രഖ്യാപനത്തിന് കാലതാമസം വരുത്തുന്നുണ്ട് എന്നും ആവശ്യത്തിനനുസരിച്ച് സ്ഥിരം ജീവനക്കാരില്ലാത്തതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെടുന്നവരുടെ പരീക്ഷാ ജോലികളിലുള്ള പരിചയക്കുറവും ഫലപ്രസിദ്ധീകരണം വൈകുന്നതിന് കാരണമാകുന്നുണ്ട് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 412 23/03/2007 -ൽ മറുപടിയ്ക്ക്

# റീസർവ്വെ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീമതി.കെ.കെ.ലതിക | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനങ്ങൾ വൈകുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) റീസർവ്വെ ജോലികൾക്കായി പുതുതായി എത്ര പേരെയാണ് സ്ഥിരമായും താല്ക്കാലികമായും നിയമിച്ചിട്ടുള്ളത്; | (ബി) റീസർവ്വെ ജോലിക്കായി 2005-ൽ 141 രണ്ടാം ഗ്രേഡ് സർവെയർമാരെയും 373 രണ്ടാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരെയും നിയമിച്ചിട്ടുണ്ട്. താല്ക്കാലികമായി ആരെയും നിയമിച്ചിട്ടില്ല. |
| (സി) റീസർവ്വെ ജോലിക്കായി ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനങ്ങൾ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് മാത്രമേ ചെയ്യാൻ പാടുള്ളൂ എന്ന് 1997 -ൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ റീസർവ്വെയ്ക്ക് വേണ്ടി ലഭ്യമാക്കി വരുന്നു. |
| (ഡി) റീസർവ്വെയിൽ സർക്കാർ ഭൂമി കയ്യേറിയതായി കണ്ടെത്തിയ കേസുകളിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് അറിയിക്കുമോ? | (ഡി) റീസർവ്വെ സമയത്ത് സർക്കാർഭൂമി കയ്യേറിയതായി കണ്ടെത്തിയാൽ അതിന്റെ സ്കെച്ച് തയ്യാറാക്കി സർക്കാർ ഭൂമിയായി തന്നെ റിക്കാർഡുകളിൽ രേഖപ്പെടുത്തു-കയും റീസർവെ നടപടികൾക്കു ശേഷം റവന്യൂ അധികാരികൾക്ക് റിക്കാർഡുകൾ കൈമാറുകയും ഇത്തരത്തിൽ കണ്ടെത്തിയ കയ്യേറ്റങ്ങൾ നിയമാനുസൃതം റവന്യൂ വകുപ്പ് ഒഴിപ്പിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

സർക്കാരിന്റെ 6.10.1965-ലെ ജി.ഒ.(എം.എസ്) 781/ആർ.ഡി. എന്ന ഉത്തരവ് അനുസരിച്ചാണ് സംസ്ഥാനത്ത് റീസർവെ നടപടികൾ ആരംഭിച്ചത്. റവന്യൂ വില്ലേജുകൾ 1478 ആണെങ്കിലും ഇവ പലതും ഗ്രൂപ്പ് വില്ലേജുകളായി ഇരിക്കുന്നത്കൊണ്ട് അവ പ്രത്യേകം പ്രത്യേകം കണക്കാക്കിയതിനാൽ മൊത്തം റീസർവെ ചെയ്യേണ്ട വില്ലേജുകളുടെ എണ്ണം 1604 ആകുന്നു. ടി 1604 റീസർവെ വില്ലേജുകളിൽ 731 വില്ലേജുകളുടെ റീസർവെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

ആദ്യകാലങ്ങളിൽ ചങ്ങല, ക്രോസ് സ്റ്റാഫ് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ചാണ് റീസർവെ നടത്തിയിരുന്നത്. ഇതു കാരണം റീസർവെ പ്രവർത്തനം വളരെ മന്ദഗതിയിലാണ് നടന്നിരുന്നത്. എല്ലാ വസ്തു ഉടമയ്ക്കും നോട്ടീസ് നല്കിയാണ് റീസർവെ നടത്തിയിരുന്നത് എന്നതിനാൽ കൂടുതൽ കാലതാമസം വരികയും ചെയ്തു.

സർക്കാരിന്റെ 27.5.88ലെ ജി.ഒ.(എം.എസ്) 463/88/ആർ.ഡി ഉത്തരവ് പ്രകാരം അതുവരെ റീസർവെ പൂർത്തിയാക്കിയ വില്ലേജുകളുടെ റിക്കാർഡുകൾ നാളതീകരണം (updation) നടത്തി റവന്യൂ ഭരണത്തിന് കൈമാറുന്നതിലേക്ക് മുഴുവൻ റീസർവെ ജീവനക്കാരെയും ഇതുമായി ബന്ധപ്പെട്ട റവന്യൂ റിക്കാർഡുകൾ തയ്യാറാക്കുന്നതിലേക്ക് നിയോഗിക്കേണ്ടി വന്നതിനാൽ ടി കാലയളവിൽ റീസർവെ പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ നടന്നിരുന്നില്ല.

തുടർന്ന് റീസർവെ സമയത്ത് ചേർക്കാൻ സാധിക്കാതെപോയ കൈവശങ്ങൾ കൂടി റീസർവെ റിക്കാർഡുകളിൽ ഉൾപ്പെടുത്തുന്നതിന് 1995 മുതൽ സർവെ അദാലത്തുകൾ ആരംഭിച്ചു. റവന്യൂ ഭരണത്തിന് കൈമാറുന്ന എല്ലാ വില്ലേജുകളിലും സർവ്വെ അദാലത്തുകൾ നടത്തിവരുന്നു. ഇതിനായി വകുപ്പിലെ ഭൂരിഭാഗം സർവെ ജീവനക്കാരെയും നിയോഗിക്കേണ്ടി വന്നതിനാൽ 1995 മുതൽ കുറേക്കാലം റീസർവെ പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ തുടർന്ന് നടത്താൻ സാധിക്കാതെ വന്നു.

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് (KSTP) ഭൂരഹിത ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള സർവ്വെ, റെയിൽവേ, എയർപോർട്ട് എന്നിവയുമായി ബന്ധപ്പെട്ടുള്ള ലാന്റ് അക്വിസിഷൻ ജോലികൾക്കായി കാലാകാലങ്ങളിൽ റീസർവെയിൽനിന്ന് ജീവനക്കാരെ വർക്ക് അറേഞ്ച്മെന്റിൽ നിയോഗിക്കേണ്ടിവന്നതും അതിനുപകരം ജീവനക്കാരെ നിയമിക്കാതെ വന്നതും റീസർവ്വെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചു. ഇതിനുപുറമേ, 19.11.2003ലെ ജി.ഒ.(പി) നം.34/2003/P&ARD പ്രകാരം സർവെ വകുപ്പിൽ നിന്ന് 652 *വിവിധ* തസ്തികകൾ കുറവ് ചെയ്തതും റീസർവെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. അതിൽ 400 സർവ്വെയർമാരുടേയും 150 ഡ്രാഫ്റ്റ്സ്മാൻമാരുടെ തസ്തികകളും ഉൾപ്പെട്ടിരുന്നു. എങ്കിലും ശേഷിക്കുന്ന റീസർവെ പ്രവർത്തനങ്ങൾ അടുത്ത 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

21.4.1997ലെ ജി.ഒ.(എം.എസ്) 271/97/റവന്യൂ പ്രകാരം സംസ്ഥാനത്ത് ശേഷിക്കുന്ന റീസർവെ പ്രവർത്തനങ്ങൾ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് ചെയ്താൽ മതിയെന്ന് ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പുതുതായി റിസർവെയ്ക്ക് എടുക്കുന്ന വില്ലേജുകളിൽ ആധുനിക ഉപകരണങ്ങളായ ജി.പി.എസ്., ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ചാണ് സർവെ നടത്തി വരുന്നത്. വകുപ്പിൽ ലഭ്യമായ ആധുനിക ഉപകരണങ്ങളുടെ വിശദവിവരം താഴെപ്പറയുന്നു.

| | |
|---|---|
| ജി.പി.എസ്സ് | -2 |
| ടോട്ടൽ സ്റ്റേഷൻ | -133 |
| കമ്പ്യൂട്ടർ | -231 |

കൂടാതെ 2006-07 സാമ്പത്തിക വർഷത്തിൽ 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 100 കമ്പ്യൂട്ടറുകൾ 3 ടോട്ടൽ സ്റ്റേഷനുകൾ എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ *സ്വീകരിച്ചിട്ടുണ്ട്.*

സർവ്വെ വകുപ്പിൽ ആകെ 606 സ്ഥിരം തസ്തികകളും 2999 താല്കാലിക തസ്തികകളും അനുവദിച്ചിട്ടുണ്ട്. സർവ്വെ സൂപ്രണ്ട്, ടെക്നിക്കൽ അസിസ്റ്റന്റ്, ഹെഡ് സർവ്വെയർ, ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, സർവ്വെയർ, ഡ്രാഫ്റ്റ്സ്മാൻ തസ്തികകളിൽ അനുവദിച്ചിട്ടുള്ളതും നിലവിലുള്ളതുമായ ജീവനക്കാരുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

17

**ANNEXURE**
**STAFF POSITION**

| Survey Superintendent | | Technical Assistant | | Head Surveyor | | Head Draftsman | | Surveyor Grade I | | Surveyor Grade II | | Draftsman Grade I | | Draftsman Grade II | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Sancti-oned | Exist | Sanct-ioned | Exist | Sanct-ioned | Exist | Sanct-ioned | Exist | Sanct-ioned | Exist | Sanct-ioned | Exist | Sanct-ioned | Exist | Sanct-ioned | Exist |
| 65 | 44 | 19 | 15 | 201 | 194 | 100 | 94 | 838 | 832 | 838 | 366 | 392 | 242 | 392 | 384 |

5.01

# പന്ത്രണ്ടാം കേരള നിയമസഭ
# നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 413
## 23.3.2007 ൽ മറുപടിക്ക്

<u>പരിയാരം മെഡിക്കൽ കോളേജിന് പിഴ ചുമത്താൻ ജസ്റ്റിസ് പി.എ.മുഹമ്മദ് കമ്മിറ്റിയുടെ ശുപാർശ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.പി.വിശ്വൻ :<br>ശ്രീ.പി.ജയരാജൻ :<br>ശ്രീ.എൻ.പ്രകാശൻ മാസ്റ്റർ:<br>ശ്രീ.കെ.പി.പത്മനാഭൻ:<br>ശ്രീ.എ.പ്രദീപ് കുമാർ: | ശ്രീ. ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിന് 10 ലക്ഷം രൂപ പിഴചുമത്താൻ ജസ്റ്റിസ് പി.എ.മുഹമ്മദ് കമ്മിറ്റി സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ടോ; | (എ) പരിയാരം സഹകരണ മെഡിക്കൽ കോളേജിന് 10 ലക്ഷം രൂപ പിഴചുമത്താൻ ജസ്റ്റിസ് പി.എ.മുഹമ്മദ് കമ്മിറ്റി സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |
| ബി) പിഴ ചുമത്തുന്നതിന് ആധാരമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) പരിയാരം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. കോഴ്സിന് പ്രവേശനം നൽകിയത് സുതാര്യവും നീതിയുക്തവുമായ രീതിയിലും മെരിറ്റടിസ്ഥാനത്തിലുമല്ലെന്ന് കണ്ടെത്തിയതിനാലാണ് പിഴ ചുമത്തുന്നതിനായി ശുപാർശ ചെയ്തത്. |
| സി) കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (സി) പി.എ.മുഹമ്മദ് കമ്മിറ്റിയുടെ ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| ഡി) പി.എ.മുഹമ്മദ് കമ്മിറ്റി മറ്റ് ഏതെങ്കിലും സ്വാശ്രയ | (ഡി) ശിക്ഷണ നടപടി സ്വീകരിക്കേണ്ട കേസുകളിൽ ആദ്യമായി |

| | | | |
|---|---|---|---|
| | സ്ഥാപനത്തിനെതിരെ ഇത്തരം ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | | തെളിവെടുപ്പ് പൂർത്തിയായത് ഈ കേസിലാണ്. മറ്റൊരു സ്വാശ്രയ സ്ഥാപനത്തിനെതിരെയും ഇത്തരം ശിക്ഷണ നടപടി സ്വീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| ഇ) | പരിയാരം മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളുടെ പ്രവേശന കാര്യത്തിൽ നിയമ ലംഘനം നടത്തിയ ഭരണ സമിതിക്കെതിരെ നടപടി സ്വീകരിക്കുമോ ? | (ഇ) | ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റിയുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം. നം. * 414. 23.3.2007 ന്- മറുപടിയ്ക്ക്.

### നാഷണൽ സർവ്വീസ് സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി :<br>ശ്രീ.പി.ടി.എ. റഹീം :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീമതി. ജെ. അരുന്ധതി :<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ : | ശ്രീ. എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക-<br>കാര്യവും വകുപ്പുമന്ത്രി) |
| (എ) നാഷണൽ സർവ്വീസ് സ്കീം അനുസരിച്ച് കോളേജുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (എ) സാമൂഹ്യ സേവനത്തിലൂടെ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികാസം എന്ന മൗലികമായ ലക്ഷ്യത്തോടെ, എൻ.എസ്. എസ് നടത്തിവരുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-<br>(1) ഗ്രാമീണ റോഡ് നിർമ്മാണം.<br>(2) ഭവന രഹിതർക്ക് വീട്‌വച്ച്കൊടുക്കൽ.<br>(3) എച്ച്. ഐ. വി / എയ്ഡ്സ് ബോധവൽക്കരണം.<br>(4) ആശുപത്രി, റെയിൽവേ സ്റ്റേഷൻ പരിസരം എന്നിവ പോലുള്ള പൊതുസ്ഥലങ്ങൾ വൃത്തിയാക്കലും ശുചീകരണ ബോധന പ്രവർത്തനങ്ങളും.<br>(5) എൻ. എസ്. എസ് ദശദിന ശിബിരങ്ങളിൽ പരിസ്ഥിതി സംരക്ഷണം മയക്കുമരുന്ന് മലിനീകരണം മുതലായവയെ കുറിച്ച്ബോധവൽക്കരണ ക്ലാസ്സുകൾ.<br>(6) രക്ത നിർണ്ണയവും, ദാനവും പ്രോൽസാഹിപ്പിച്ചു കൊണ്ടും, നടപ്പിൽവരുത്തി കൊണ്ടുമുള്ള പ്രവർത്തനങ്ങൾ.<br>(7) വ്യത്യസ്ത സർവ്വേ നടത്തിപ്പുകൾ.<br>(8) മറ്റുസർക്കാർവകുപ്പുകളോട് ചേർന്നു കൊണ്ടുള്ള പ്രവർത്തന ങ്ങൾ.<br>(9) വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ദേശീയോദ്ഗ്രഥന ശിബിരങ്ങൾ, റിപ്പബ്ളിക് ഡേ പരേഡ്<br>(10)വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ |

(ബി). ഈ പദ്ധതിയിൻ കീഴിൽ പുതുതായി എന്തെങ്കിലും പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഏറ്റെടുത്തിട്ടുണ്ട്.

(I) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി സർവ്വേ നടത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് വേണ്ട സർവ്വേയും മറ്റ് പ്രവർത്തനങ്ങളും KILA യുടെനേതൃത്വത്തിൽ നടത്തി.

(II) LSG യും NSS ഉം യോജിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ KILA യിൽ വച്ച് 400 NSS പ്രോഗ്രാം ഓഫീസർമാർക്ക് പരിശീലനം നൽകി.

(III) മഴവെള്ള കൊയ്ത്ത്, മഴക്കുഴിയുണ്ടാക്കൽ, പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവൽക്കരണം എന്നിവ ഏറ്റെടുത്ത് നടത്തി വരുന്നു.

(സി) ഈ പദ്ധതിമൂലം വിദ്യാർത്ഥി സമൂഹത്തിനും പൊതു ജനങ്ങൾക്കും എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഉണ്ട് .

(ഡി) പദ്ധതി വിജയകരമായി നടത്തുന്നവർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണ് ;

(ഡി) സംസ്ഥാന തലത്തിൽ യൂണിവേഴ്സിറ്റി / ഡയറക്ടറേറ്റ് എന്നിവയ്ക്ക് ഒന്നും, നാല് NSS യൂണിറ്റുകൾക്കും പ്രോഗ്രാം ഓഫീസർമാർക്കും, ഏഴ് NSS വാളണ്ടിയർമാർക്കും, സംസ്ഥാന പുരസ്കാരം നൽകുന്നു. അതിനു പുറമെ യൂണിവേഴ്സിറ്റി / ഡയറക്ടറേറ്റ് തലത്തിലും അവാർഡ് നൽകിവരുന്നു. ഉന്നത പഠനത്തിന് 15 മാർക്ക് ലഭിക്കുന്നു. വിദ്യാർത്ഥികളെ അന്യസംസ്ഥാനങ്ങളിലേക്ക് അയച്ച് പുതിയ അനുഭവങ്ങളും നേട്ടങ്ങളും ഉണ്ടാക്കാൻ NSS വേദിയൊരുക്കുന്നു.

(ഇ) മറ്റു വകുപ്പുകളുമായി സഹകരിച്ച് സമൂഹത്തെ ദോഷകരമായി ബാധിക്കുന്ന വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

(ഇ) ആവിഷ്കരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ- 415

23.3.2007-ൽ മറുപടിക്ക്

## റെയിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ[redacted] റെയിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന് പുതിയ പാതകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യം കേന്ദ്രത്തിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതിൽ ഏതെല്ലാം പുതിയ പാതകളുടെ നിർദ്ദേശമാണ് അംഗീകരിച്ചിട്ടുള്ളത്;<br>സി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്? | (ബി) യും (സി) യും<br>നഞ്ചങ്കോട്-നിലമ്പൂർ, തലശ്ശേരി-മൈസൂർ എന്നീ പുതിയ റെയിൽവേ ലൈനുകളുടെ സർവ്വേക്ക് 2007-2008 റെയിൽ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 416      23-03-2007-ൽ മറുപടിയ്ക്ക്

## യുവകർമ്മ തൊഴിൽ പരിശീലന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. വി.ശശികുമാർ,<br>ശ്രീ.എ. പ്രദീപ് കുമാർ,<br>ശ്രീ.എം. ഹംസ,<br>ശ്രീ.ബാബു എം. പാലിശ്ശേരി. | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡ് പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ബോർഡ് ആവിഷ്ക്കരിക്കുന്ന പദ്ധതികളിൽ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി) യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം പഞ്ചായത്ത് തലം വരെ വികേന്ദ്രീകരിച്ച് നടപ്പിലാക്കും. |

(സി)

യുവകർമ്മ തൊഴിൽ പരിശീലന പദ്ധതിയുടെ പ്രവർത്തനം ബോർഡ് വിലയിരുത്തിയിട്ടുണ്ടോ ;

(ഡി)

ഈ പദ്ധതി യുവാക്കൾക്ക് കൂടുതൽ പ്രയോജനകരമാകുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ;

(സി) യും (ഡി) യും

യുവ കർമ്മ എന്ന പദ്ധതി യുവജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിൽ പരിഷ്ക്കരിച്ച് യുവ ശക്തി എന്ന പേരിൽ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ഇ)

യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദമാക്കുമോ

(ഇ)

ബോർഡിൽ അഫിലിയേറ്റ് ചെയ്യുന്ന യൂത്ത് ക്ലബ്ബുകളെയാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നത്. യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ

(1) ജില്ലാ തലത്തിൽ കൂടുതൽ യൂത്ത് ക്ലബ്ബുകൾ രൂപീകരിക്കാനും അഫിലിയേറ്റ് ചെയ്യാനുമുള്ള നടപടി സ്വീകരിച്ചു വരുന്നു.

(2) പുതുതായിആരംഭിച്ച ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് കിറ്റുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(3) ക്ലബ്ബുകൾക്ക് സ്വയം തൊഴിൽ പരിശീലനത്തിനും ബോധവൽക്കരണത്തിനുമായി ഗ്രാന്റ് നൽകുന്നു.

(4) നന്നായി പ്രവർത്തിക്കുന്ന യുവജന സംഘടനക്കും സംഘടനാ പ്രവർത്തകനും യൂത്ത് അവാർഡ് നൽകുന്നു.

സെക്ഷൻ ഓഫീസർ

1). യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാകുന്നതിലേയ്ക്കായി 'യുവശക്തി' തൊഴിൽ പരിശീലന പരിപാടി നടപ്പിലാക്കുന്നതാണ്.

2. ഗ്രാമപഞ്ചായത്ത് തലത്തിൽ സെൽഫ് എംപ്ളോയ്മെന്റ് സെന്ററുകൾ സ്ഥാപിച്ച് സ്വയം തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കും.

3). തിരുവനന്തപുരം വേളിയിൽ യൂത്ത് ഹോസ്റ്റലുമായി ബന്ധപ്പെടുത്തി യൂത്ത് കൺവെൻഷൻ സെന്ററുകൾ സ്ഥാപിക്കുന്നതാണ്.

4). സാമൂഹിക അനാചാരങ്ങളിൽ നിന്നും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്നും യുവജനങ്ങളെ സംരക്ഷിക്കുന്നതിലേയ്ക്കായി ഗ്രാമഗ്രാമാന്തരങ്ങളിൽ മൊബൈൽ യൂണിറ്റുകൾ വഴി പ്രചാരണ പ്രവർത്തനങ്ങൾ നടത്തും.

5). പ്രകൃതിദുരന്തങ്ങളിലും മറ്റും യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ 'യുവസേന' എന്ന പേരിൽ സ്വയം സേവക സംഘങ്ങൾ ഉണ്ടാക്കും. 2012 ഓടുകൂടി 1000 പേരടങ്ങുന്ന ഇത്തരം സംഘങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ സ്വരൂപിക്കുന്നതാണ്.

6). സ്ത്രീകൾക്ക് മാത്രമായി പ്രത്യേകം യൂത്ത് ക്ളബ്ബുകൾ എന്ന ആശയം പ്രോത്സാഹിപ്പിക്കുക.

7). യുവാക്കൾക്കിടയിൽ ട്രാവൽ & ടൂറിസത്തിന്റെ മഹിമ പ്രോത്സാഹിപ്പിക്കുവാനും ടൂറിസ്റ്റുകൾക്ക് സാമ്പത്തിക നേട്ടവും ആരോഗ്യകരവുമായ താമസവും ഉറപ്പുവരുത്താനുമായി. ഒരു പുതിയ പദ്ധതി 'യുവ അതിഥി മന്ദിരം' ആരംഭിക്കും.

8. പബ്ലിസിറ്റി, ട്രെയിനിംഗ് ബോധവത്കരണം എന്നിവ വഴി കമ്മ്യൂണിറ്റി സ്പോർട്സ് എന്ന പുതിയ പദ്ധതിയ്ക്ക് രൂപം നൽകും. യുവാക്കളിൽ തൊഴിൽപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കും.

9. യുത്ത് ക്ലബ്ബുകൾ വഴി 'മാനേജുമെന്റ് ഡവലപ്മെന്റ് പ്രോഗ്രാം' എന്ന പദ്ധതിയ്ക്ക് രൂപം നൽകും.

10. യുവാക്കളുടെ കായിക രംഗത്തും, നീന്തലിലുമുള്ള സാഹസികമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി 'കേരള അഡ്വഞ്ചർ സ്പോർട്സ് പ്രൊമോഷൻ സൊസൈറ്റി'ക്ക് യുവജനക്ഷേമ ബോർഡ് രൂപം നൽകും.

10. പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുന്ന യുവശക്തി പദ്ധതി, മറ്റ് ബന്ധപ്പെട്ട പദ്ധതികൾ എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് യുവജനക്ഷേമ ബോർഡിൽ അംഗത്വം നേടിയിട്ടുള്ള യുവജന സംഘടനകളുടെയും, ക്ലബ്ബുകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി യൂത്ത് സെന്ററുകൾക്ക് രൂപം നൽകും.

11. കേരള സ്റ്റേറ്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനുമായി സഹകരിച്ച് യുവജനങ്ങൾക്കായി 'ബോട്ട്ക്രൂ' ട്രെയിനിംഗ് നൽകുന്നതാണ്.

12. അശരണരായ പ്രായപൂർത്തിയായവർ, തെരുവിലെ കുട്ടികൾ, അനാഥർ, കെയർഹോമുകളിലേയും, ജുവനൈൽഹോമുകളിലെയും അന്തേവാസികൾ എന്നിവരുടെ ക്ഷേമം ലാക്കാക്കി 'സനാഥ ബാല്യം' എന്ന പദ്ധതിയ്ക്ക് രൂപം നൽകും.

13. പുതുതായി ആരംഭിക്കുന്ന കലാ/കായിക രംഗത്തെ, യുവജന ക്ലബ്ബുകളെ ശക്തിപ്പെടുത്തുന്നതിന് മാനദണ്ഡങ്ങൾക്ക് വിധേയമായി സ്പോർട്സ് കിറ്റുകൾ നൽകുന്ന കാര്യം പരിഗണിക്കും.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 417 — 23-03-2007-ൽ മറുപടിയ്ക്ക്

## കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ.<br>ശ്രീ. കെ.വി. അബ്ദുൾഖാദർ.<br>ശ്രീമതി. പി. അയിഷാ പോറ്റി.<br>ശ്രീ. എ.എം.ആരിഫ്.<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്. | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുന്നതിന് യോഗ്യതകൾ എന്തെല്ലാമാണ്; | (എ)<br>ഇതു സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി)<br>ഏതെല്ലാം ഇനങ്ങളിലെ കായിക താരങ്ങളെയാണ് ജോലിക്കായി പരിഗണിക്കുന്നത്; | (ബി)<br>ഒഴിവുകളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ ഉൾപ്പെടുത്താറുള്ള കായിക ഇനങ്ങളിലെ കായിക താരങ്ങളെയാണ് ജോലിക്കായി പരിഗണിക്കുന്നത്. |
| (സി)<br>സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി കൂടുതൽ പേർക്ക് ജോലി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി)<br>ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി)<br>അവശ കായിക താരങ്ങളെ സഹായിക്കുന്നതിനായി പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ; | (ഡി)<br>ഉണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഓരോ തസ്തികകളിലേയ്ക്കും ജോലിക്ക് പരിഗണിക്കുന്നതിനായുള്ള യോഗ്യതകളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർത്തിരിക്കുന്നു

അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, ആഫ്രോ ഏഷ്യൻ ഗെയിംസ്, ഏഷ്യൻ ചാമ്പ്യൻഷിപ്പ് അല്ലെങ്കിൽ സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയോ വ്യക്തിഗത ഇനങ്ങളിലോ ടീമിനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളാവുകയും ചെയ്തവർ.

രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ.

ദേശീയ സീനിയർ ചാമ്പ്യൻഷിപ്പ് (പുരുഷ) (വനിത) അല്ലെങ്കിൽ നാഷണൽ ഗെയിംസ് ഇവയിൽ കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടിയവർ.

ദേശീയ സീനിയർ ചാമ്പ്യൻഷിപ്പ് (പുരുഷ) (വനിത) അല്ലെങ്കിൽ നാഷണൽ ഗെയിംസ് ഇവയിൽ കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ചവർ.

അഖിലേന്ത്യാ അന്തർ സർവ്വകലാശാലാ മത്സരങ്ങളിൽ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ഒന്നാം സ്ഥാനം വാങ്ങിയവർ സ്പോർട്ട്സ്/ഗെയിംസ് പ്രതിഭകൾക്ക് താഴെ പറയുന്ന വിദ്യാഭ്യാസ യോഗ്യതകളുടെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ നിയമനം നൽകി വരുന്നു.

**<u>അസിസ്റ്റന്റ് എൻജിനീയർ</u>**

എൻജിനിയറിംഗിൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച ബി.ടെക് ബിരുദമോ എൻജിനിയറിംഗിൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ലഭിച്ച ബി.ഇ. ബിരുദം. കേരള സർക്കാർ അംഗീകരിച്ച തത്തുല്യമായ യോഗ്യതയോ.

2. **<u>അസിസ്റ്റന്റ് സർജൻ</u>**

1) ഇൻഡ്യയിലോ വിദേശത്തോ ഉള്ള അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും മോഡേൺ മെഡിസിനിൽ ലഭിച്ച ബിരുദം.

2) മോഡേൺ മെഡിസിനിൽ സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും ലഭിച്ച 'എ' ക്ലാസ് സ്ഥിരം രജിസ്ട്രേഷൻ.

3) **<u>സെയിൽസ് ടാക്സ് ഓഫീസർ</u>**

സർവ്വകലാശാല ബിരുദവും നിയമത്തിൽ ബിരുദവും അഭിലഷണീയം: ബി.കോം ബിരുദവും.

4) **<u>ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -1</u>**

സിവിൽ/മെക്കാനിക്കൽ എൻജിനിയറിംഗിൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച ഡിപ്ലോമയോ അംഗീകരിക്കപ്പെട്ട തത്തുല്യമായ ഒരു ഡിപ്ലോമയോ.

5) **<u>അസിസ്റ്റന്റ് ഗ്രേഡ്</u>**

അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച ബിരുദം

6) **<u>ലോവർ ഡിവിഷൻ ക്ലാർക്ക്</u>**

എസ്.എസ്.എൽ.സി. പരീക്ഷയോ തത്തുല്യ പരീക്ഷയോ പാസായിരിക്കണം.

7) **<u>ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്</u>**

1. എസ്.എസ്.എൽ.സി.
2. ടൈപ്പ്റൈറ്റിംഗ് (ഇംഗ്ലീഷ്) ലോവറും. ടൈപ്പ്റൈറ്റിംഗ് (മലയാളം) ലോവറും

8) **<u>കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2, സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ്-2</u>**

1. എസ്.എസ്.എൽ.സി.
2. ടൈപ്പ്റൈറ്റിംഗ് (മലയാളം, ഇംഗ്ലീഷ്) ലോവർ, ഷോർട്ട്ഹാന്റ് (ഇംഗ്ലീഷും മലയാളവും) ലോവർ ഗ്രേഡ്.

9) **<u>ഹൈസ്കൂൾ അസിസ്റ്റന്റ്</u>**

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ ലഭിച്ച ബിരുദമോ കേരളത്തിലെ ഒരു സർവ്വകലാശാല നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയി ബി.എഡ്/ബി.റ്റി./എൽ.റ്റി. ബിരുദവും.

10) **<u>അപ്പർ പ്രൈമറി/ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ്</u>**

എസ്.എസ്.എൽ.സി.യും കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന റ്റി.റ്റി.സി. പരീക്ഷയും പാസായിരിക്കണം.

11) പ്യൂൺ

1. മലയാളത്തിൽ/തമിഴിൽ/കന്നടയിലോ എഴുതാനും വായിക്കുവാനുമുള്ള അറിവ്.
2. ശാരീരിക യോഗ്യതകൾ
3. സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.

13) **ലിഫ്റ്റ് ഓപ്പറേറ്റർ**

1. മലയാളത്തിലോ/തമിഴിലോ/കന്നടയിലോ എഴുതാനും വായിക്കുവാനുമുള്ള അറിവ്.

2. അഭിലഷണീയം: ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിൽ പരിചയം

14) **റോണിയോ ഓപ്പറേറ്റർ**

1. ഏഴാം സ്റ്റാൻഡേർഡോ തത്തുല്യമായ പരീക്ഷയോ പാസായിരിക്കണം.
2. ഡ്യൂപ്ലിക്കേറ്റർ മെഷീൻ ഉപയോഗത്തിലുള്ള മറ്റ് സ്ഥാപനങ്ങളിലോ ഉള്ള ആറ് മാസത്തെ പരിചയം.

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 23.3.07-ൽ
നിയമസഭ ചോദ്യം നമ്പർ 418 മറുപടിയ്ക്കു്

"ദേവസ്വം ബോർഡുകൾ പിരിച്ചുവിട്ട നടപടി"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞു് | ശ്രീ.ജി.സുധാകരൻ<br>ബഹുമാനപ്പെട്ട സഹകരണവും,<br>കയറും, ദേവസ്വവുംവകുപ്പ് മന്ത്രി. |
| (എ) തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകൾ ഓർഡിനൻസ് മുഖാന്തിരം പിരിച്ചുവിട്ടതിനു ശേഷം സർക്കാർ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാക്കിയ നടപടി ഹിന്ദുക്കളുടെ മത സ്വാതന്ത്ര്യത്തിന്റെയും ക്ഷേത്രാരാധനയുടെയും മേലുള്ള കടന്നുകയറ്റമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമ (ഭേദഗതി) ഓർഡിനൻസിലെ വ്യവസ്ഥകളനുസരിച്ച് തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾ നിർദ്ദിഷ്ട കാലാവധി പൂർത്തിയാക്കുകയും നിലവിലില്ലാതാവുകും ചെയ്ത സാഹചര്യത്തിൽ പുതിയ ബോർഡുകൾ നിലവിൽ വരുന്നതുവരെ തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ ഭരണ നിർവ്വഹണത്തിനായി നിയമം അനുശാസിക്കുന്ന താൽക്കാലിക സംവിധാനമായി ചീഫ് കമ്മീഷണറായി ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടു്. ചീഫ് കമ്മീഷണറുടെ നിയമനത്തിനെതിരെ പരാതികളൊന്നും നിലവിലില്ല. ഭേദഗതി ഓർഡിനൻസിനെതിരെ കഴമ്പില്ലാത്ത ചില പരാതികൾ ലഭിച്ചിട്ടുണ്ടു്. എന്നാൽ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമത്തിൽ ഭേദഗതികൾ വരുത്തി തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ച സർക്കാരിന്റെ ധീരമായ നടപടികളെ പ്രകീർത്തിച്ചുകൊണ്ടു് ധാരാളം കത്തുകൾ പൊതുജനങ്ങളിൽനിന്നും ലഭിക്കുന്നുണ്ടു്. |
| (ബി) ഇതു് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണു് സ്വീകരിച്ചിട്ടുള്ളതെന്നു് വ്യക്തമാക്കുമോ? | (ബി) ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
4-ാം സമ്മേളനം
<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 419</u>
<u>23.3.2007 - ൽ മറുപടിയ്ക്ക്</u>
**<u>കേരള സഹകരണ നിയമം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.അനിരുദ്ധൻ: | | ശ്രീ.ജി.സുധാകരൻ (സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | കേരള സഹകരണ നിയമം, സഹകരണ പ്രസ്ഥാനത്തിന്റെ സർവ്വവ്യാപകമായ വളർച്ചയ്ക്കും കാര്യനിർവ്വഹണത്തിനും അപര്യാപ്തമാകയാൽ പ്രസ്തുത നിയമം കാലോചിതമായി ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സ്വയംപര്യാപ്ത സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് നിലവിലുള്ള നിയമം അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സഹകരണ സംഘം നിയമത്തിൽ സ്വയം പര്യാപ്ത സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് വ്യവസ്ഥയില്ല. |
| (സി) | സഹകരണ റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം സുതാര്യവും, കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 420 23/3/2007 ൽ മറുപടിയ്ക്ക്

## സിനിമ സംബന്ധിയായ വിഷയം പാഠ്യ പദ്ധതിയിൽ

| ചോദ്യം<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | മറുപടി<br>ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതിയിൽ ചലച്ചിത്രാസ്വാദനത്തെ സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) ചലച്ചിത്ര നിർമ്മാണത്തിന്റെ സാങ്കേതിക വിഷയങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനും കുട്ടികളിൽ ആരോഗ്യകരമായ ദൃശ്യ സംസ്കാരം വളർത്തുന്നതിനുമായി സിനിമയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്ന കാര്യം സ്കൂൾ കരിക്കുലം കമ്മിറ്റിയാണ് പരിഗണിക്കുന്നത്. |
| (സി) സ്കൂളുകളിൽ ഫിലിം ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഹയർ സെക്കൻഡറിയിലും ഹൈസ്കൂളിലും പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഫിലിം ക്ലബ്ബുകൾ രൂപീകരിക്കാനും ചലച്ചിത്രോത്സവം സംഘടിപ്പിക്കാനും നിർദ്ദേശങ്ങളുണ്ട്. |

സെക്ഷൻ ഓഫീസർ